**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2679** **24-06-2024 - ൽ മറുപടിയ്ക്ക്**

**പുതുക്കാട് മണ്ഡലത്തിലെ വൈദ്യുതി ചാർജിംഗ് സ്റ്റേഷനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | പുതുക്കാട് മണ്ഡലത്തിൽ ഇ-വാഹനങ്ങൾ ചാർജ് ചെയ്യുന്നതിന് വേണ്ടി എത്ര വൈദ്യുതി ചാർജിംഗ് സ്റ്റേഷനുകൾ അനുവദിച്ചിട്ടുണ്ടെന്നും അവയിൽ ഏതെല്ലാം പ്രവർത്തന സജ്ജമായെന്നും അറിയിക്കാമോ; | (എ) | പുതുക്കാട് നിയോജകമണ്ഡലത്തിലെ വിവിധ ഭാഗങ്ങളിലായി അഞ്ച് (5) പോൾ മൗണ്ടഡ് ചാർജ്ജിംഗ് പോയിന്റുകൾ കെ എസ് ഇ ബി എൽ സ്ഥാപിച്ചിട്ടുണ്ട്. അവയെല്ലാം പ്രവർത്തനക്ഷമമാണ്.<br><br>ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലവും മുതൽ മുടക്കാൻ താല്പര്യവും ഉള്ള വ്യക്തികളോ, സ്ഥാപനങ്ങളോ ഉണ്ടെങ്കിൽ അനെർട്ട് മുഖേന ഇവ സ്ഥാപിക്കാൻ കഴിയുന്നതാണ്. |
| (ബി) | മുഴുവൻ ചാർജ്ജിംഗ് സ്റ്റേഷനുകളും പ്രവർത്തനക്ഷമമാക്കി ഉദ്ഘാടനം ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (ബി) | കെ.എസ്.ഇ.ബി.എൽ. മുഖാന്തിരം സ്ഥാപിച്ച വൈദ്യുത വാഹന ഫാസ്റ്റ് ചാർജ്ജിംഗ് സംവിധാനങ്ങളുടെ ജില്ലാതല ഉദ്ഘാടനം മെയ് 2022-ന് നിർവ്വഹിച്ചിട്ടുണ്ട്. |
| (സി) | ഇക്കാര്യത്തിൽ ഉണ്ടായ കാലതാമസം ശ്രദ്ധയിൽപെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |

സെക്ഷൻ ഓഫീസർ